"ഭരണഭാഷ-മാതൃഭാഷ"


തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
സ്വരാജ് ഭവൻ, അഞ്ചാംനില
നന്തൻകോട്, കവടിയാർ പി ഒ
തിരുവനന്തപുരം-03

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in


നം. E14/9085/2022/CE/LID&EW തീയതി:22.08.2022

## സർക്കുലർ

വിഷയം :- തസ്വഭവ - LID&EW - ICDS - സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം - പ്രൊഫോർമ അപ്ഡേറ്റ് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :- 19.08.2022 തീയതിയിലെ വനിത ശിശു വികസന ഡയറക്ടറുടെ മീറ്റിംഗ്.

******

സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനിക രീതിയിലുള്ള സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ച് വരുന്നു. കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് (10, 7.5, 5, 3, 3 (Slopping Terrain), 1.25 cent) ആനുപാതികമായി ഒരു നിശ്ചിത തുക സർക്കാർ വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട LSGI വിഹിതമായും ആണ് സ്മാർട്ട് അങ്കണവാടി പദ്ധതി വിഭാവനം ചെയ്യുന്നത്.

നാളിതുവരെ നിർമ്മാണനുമതി ലഭിച്ച സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം സംബന്ധിച്ച് വ്യക്തമായ കാരണം അറിയിക്കാൻ വനിതശിശുവികസന ഡയറക്ടറുടെ സൂചന യോഗത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ അങ്കണവാടികളുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള പ്രൊഫോർമ P-1181-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കാര്യാലയത്തിൽ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള പ്രൊഫോർമ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർ 26.08.2022 തീയതി 1.00 മണിയ്ക്ക് മുൻപായി രേഖപ്പെടുത്തി നൽകേണ്ടതാണ്. ടി വിഷയത്തിൽ 27.08.2022 തീയതി 11.00 am-ന് Review meeting ഉണ്ടായിരിക്കുന്നതാണ് എന്ന വിവരം കൂടി അറിയിക്കുന്നു.

**F-1181**

ചീഫ് എഞ്ചിനീയർ (I/C)

As/-